File No.LSGD-DC3/653/2018-LSGD

'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ത.സ്വ.ഭ.വ. - ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് - കാസർഗോഡ് മുൻസിപ്പാലിറ്റിയിൽ ഹൈമാസ്റ്റ് ലൈറ്റുകളും ജംഗ്ഷൻ ലൈറ്റുകളും സ്ഥാപിക്കുന്നത് സംബന്ധിച്ച ഭരണാനുമതി ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി.)വകുപ്പ്

സ.ഉ.(സാധാ) നം.1743/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 13/08/2019

---

പരാമർശം:- (1) 5.7.16-ലെ സ.ഉ(സാധാ) നം. 2081/2016/ത.സ്വ.ഭ.വ നം ഉത്തരവ്

(2) ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സർപ്പിച്ച 02.07.2018 ലെ കത്ത്.

(3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.08.2018 ലെ ഡിബി5/4144/18/സിഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ബഹു.കാസർകോട് നിയോജക മണ്ഡലം എം.എൽ.എ. ശ്രീ.എൻ.എ.നെല്ലിക്കുന്ന് അവർകളുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 'Installation of High mast light / Junction light in Kasargod Municipality' എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നു.

(2) കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് പുറമെ ചെങ്കള ഗ്രാമപഞ്ചായത്തിൽ (എടനീർ മഠം ജംഗ്ഷൻ) കൂടി Highmast light/Junction light സ്ഥാപിക്കുന്നതിനുള്ള ബഹു.എം.എൽ.എ. ശിപാർശ കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 14,43,904/- രൂപയുടെ എസ്റ്റിമേറ്റ് സഹിതമാണ് പ്രപ്പോസൽ സമർപ്പിച്ചിരുന്നത്. എന്നാൽ പരാമർശം (1) ലെ ഉത്തരവിൽ പ്രവൃത്തിയുടെ പേര് 'Installation of Hightmast light/Junction light in Kasagod Municipality' എന്ന് രേഖപ്പെടുത്തി പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. എം.എൽ.എയുടെ ശിപാർശ പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്തിൽ (എടനീർ മഠം ജംഗ്ഷൻ) കൂടി പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് സമർപ്പിച്ച 14,43,904/- രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ

ചെങ്കള ഗ്രാമപഞ്ചായത്തിൽ കൂടി പ്രസ്തുത പ്രവൃത്തി ഭരണാനുമതി തുകയിൽ വ്യത്യാസം വരാതെ നടപ്പിലാക്കിയിട്ടുള്ളതിനാൽ, പ്രസ്തുത പ്രവൃത്തി 'Installation of High mast light / Junction light in Kasargod Municipality and Chengala Panchayat' എന്ന പേരിൽ ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് പുറമെ ചെങ്കള ഗ്രാമപഞ്ചായത്തിൽ (എടനീർ മഠം) കൂടി ഹൈമാസ്റ്റ് ലൈറ്റ് / ജംഗ്ഷൻ ലൈറ്റ് സ്ഥാപിക്കുന്നതിന് ബഹു. എം.എൽ.എ. യുടെ 20.02.2016-ലെ ശിപാർശ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചതിനാലും 14,43,904/- രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ഭരണാനുമതി ലഭിച്ച് ടി തുകയിൽ വ്യത്യാസമില്ലാതെ പ്രവൃത്തി പൂർത്തിയാക്കിയതിനാലും, പരാമർശം (1) ഉത്തരവിലെ പ്രവൃത്തിയുടെ പേര് 'Installation of High mast light / Junction light in Kasargod Municipality and Chengala Panchayat' എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) മേൽ ഭേദഗതിയോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
**അണ്ടർ സെക്രട്ടറി**

ശ്രീ.എൻ.എ.നെല്ലിക്കുന്ന്, എം.എൽ.എ., ബംഗാരക്കുന്ന് റോഡ്,
നെല്ലിക്കുന്ന്, കാസർഗോഡ് - 671 121.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് :
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

File No.LSGD-DC3/653/2018-LSGD

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.08.13 10:46:39 IST
Reason: Approved
സെക്ഷൻ ഓഫീസർ